**ഓപ്ഷൻസ് ട്രേഡിംഗിലെ നഷ്ട സാധ്യതകൾ വെളിപ്പെടുത്തുന്ന അധിക രേഖകൾ**

**ഓപ്ഷൻ ഹോൾഡറുകളുടെ നഷ്ടസാധ്യതകൾ :**

1. ആപേക്ഷികമായി, ഒരു ഹ്രസ്വ കാലയളവിൽ ഓപ്ഷനു വേണ്ടി അടയ്ക്കപ്പെടുന്ന മുഴുവൻ തുകയും നഷ്ടപ്പെടുന്നതിനുള്ള ഒരു നഷ്ടസാധ്യത ഒരു ഓപ്ഷൻ ഹോൾഡറിനുണ്ട്. കാലാവധി കഴിയുമ്പോൾ (എക്സ്പയറിയിൽ) മൂല്യമില്ലാതെയാകുന്ന, പാഴാകുന്ന ഒരു ആസ്തിയുടെ ഓപ്ഷന്റെ സ്വഭാവമാണ് ഈ നഷ്ടസാധ്യത പ്രതിഫലിപ്പിക്കുന്നത്. തന്റെ ഓപ്ഷൻ സെക്കൻഡറി മാർക്കറ്റിൽ വിൽക്കാത്തതോ അതിന്റെ കാലാവധി കഴിയുന്നതിനു മുമ്പ് അതു വ്യവഹാരം ചെയ്യാത്തതോ ആയ ഒരു ഓപ്ഷൻ ഹോൾഡർക്ക് ഓപ്ഷനിലെ മുഴുവൻ നിക്ഷേപവും അനിവാര്യമായും നഷ്ടപ്പെടുന്നതായിരിക്കും. മൗലികമായ വില ഓപ്ഷന്റെ കാലാവധി കഴിയുന്നതിനു മുമ്പ് പ്രതീക്ഷിച്ച ദിശയിൽ, ഓപ്ഷന്റെ ചിലവ് പരിരക്ഷിക്കുന്നതിന് പര്യാപ്തമായ വിധത്തിൽ, ചലിക്കുന്നില്ലെങ്കിൽ, നിക്ഷേപകന് അദ്ദേഹത്തിന്റെ ഓപ്ഷനിലെ നിക്ഷേപത്തിന്റെ ഭൂരിഭാഗവും അല്ലെങ്കിൽ മുഴുവനും നഷ്ടപ്പെടുന്നതായിരിക്കും.

2. എക്സ്ചേഞ്ചുകൾ വ്യവഹാര നിയന്ത്രണങ്ങൾ ചുമത്തിയേക്കാവുന്നതാണ്, കൂടാതെ ചില നിശ്ചിത സന്ദർഭങ്ങളിലെ പ്രത്യേക സമയങ്ങളിൽ ഓപ്ഷനുകളുടെ വ്യവഹാരം തടയുന്നതിനുള്ള പൂർണ്ണമായ അധികാരവും അതിനുണ്ട്.

**ഓപ്ഷൻ റൈറ്ററുകളുടെ നഷ്ടസാധ്യതകൾ**

1. മൗലികമായ വിലയുടെ ചലനം പ്രതീക്ഷിച്ച ദിശയിൽ അല്ലെങ്കിൽ, ഓപ്ഷൻ റൈറ്റർക്ക് ഗണ്യമായ ഒരു തുക നഷ്ടപ്പെടുന്നതിനുള്ള നഷ്ടസാധ്യത ഉണ്ട്.

2. ഒരു ഓപ്ഷൻ റൈറ്റർ ആയിരിക്കുക എന്ന നഷ്ടസാധ്യത, അതേ മൗലികമായ ഇന്ററസ്റ്റ് ഉള്ള മറ്റ് ഓപ്ഷനുകൾ വാങ്ങുന്നതിലൂടെ കുറയ്ക്കാവുന്നതാണ്. അതുവഴി, ഒരു സ്പ്രെഡ് പൊസിഷൻ പ്രതീക്ഷിക്കാവുന്നതോ അല്ലെങ്കിൽ ഓപ്ഷൻസ് മാർക്കറ്റിൽ അല്ലെങ്കിൽ മറ്റു മാർക്കറ്റിൽ മറ്റു തരത്തിലുള്ള ഹെഡ്ജിംഗ് പൊസിഷർ സ്വീകരിക്കാവുന്നതോ ആണ്. എന്നിരുന്നാലും, റൈറ്റർ, ഒരു സ്പ്രെഡ് അല്ലെങ്കിൽ മറ്റ് ഹെഡ്ജിംഗ് പൊസിഷനുകൾ ഊഹിച്ചാലും നഷ്ടസാധ്യത സാരമായതു തന്നെയായിരിക്കും. ഒരു സ്പ്രെഡ് പൊസിഷൻ ലളിതമായ ഒരു 'ദീർഘ' അല്ലെങ്കിൽ 'ഹ്രസ്വ' പൊസിഷനേക്കാളും നഷ്ടസാധ്യത കുറഞ്ഞതായിരിക്കണമെന്ന് നിർബന്ധമില്ല.

3. ഒരു കോംബിനേഷനിൽ ഒന്നിലധികം ഓപ്ഷനുകൾ വാങ്ങുകയും റൈറ്റ് ചെയ്യുകയും ചെയ്യപ്പെടുന്ന ഇടപാടുകളിൽ, അല്ലെങ്കിൽ മൗലികമായ ഇന്ററസ്റ്റ് ഹ്രസ്വമായി വാങ്ങുകയോ വിൽക്കുകയോ ചെയ്യുന്ന സങ്കലനത്തിൽ വാങ്ങുകയും റൈറ്റു ചെയ്യുകയും ചെയ്യുന്നെങ്കിലോ, ഇത് നിക്ഷേപകർക്ക് അധിക നഷ്ടസാധ്യതകൾ ഉണ്ടാക്കിയേക്കാം. ഓപ്ഷൻ സ്പ്രെഡുകൾ

പോലെയുള്ള സംയോജിത ഇടപാടുകൾ, സിംഗിൾ  ഓപ്ഷൻ വാങ്ങുകയോ റൈറ്റു ചെയ്യുകയോ ചെയ്യുന്നതിനേക്കാൾ സങ്കീർണ്ണമാണ്. മറ്റേതൊരു നിക്ഷേപ മേഖലയിലും എന്ന പോലെ നല്ലതു പോലെ മനസിലാക്കപ്പെടാത്ത ഒരു സങ്കീർണ്ണത തന്നെ ഒരു നഷ്ടസാധ്യതാ ഘടകമാണ്. കോംബിനേഷൻ സ്ട്രാറ്റജികൾ പരിഗണിക്കരുത് എന്ന് ഇതു നിർദ്ദേശിക്കുന്നില്ല, ഓപ്ഷനുകളിലെ മറ്റെല്ലാ നിക്ഷേപങ്ങളിലും എന്ന പോലെ, വിവിധ വിപണി അവസ്ഥകളിൽ സംയോജിത ഇടപാടുകളുടെ ഉണ്ടാകാനിടയുള്ള നഷ്ട സാധ്യതകളേയും നേട്ടങ്ങളേയും കുറിച്ച് അനുഭവവും അറിവുമുള്ള ആരോടെങ്കിലും കൂടിയാലോചിക്കണമെന്ന് നിർദ്ദേശിക്കുന്നു.